**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1217 30.09.2016 ൽ മറുപടിയ്ക്ക്**

## കിഴക്കേകോട്ടയിലെ ട്രാഫിക് ലംഘനങ്ങൾ

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിലെ കിഴക്കേകോട്ട ബസ് സ്റ്റാൻറിലും പരിസരത്തും കെ.എസ്.ആർ.ടി.സി. / സ്വകാര്യ ബസ്സുകൾ അനധികൃത, ദീർഘനേര പാർക്കിംഗ് നടത്തുന്നതിനെതിരെ നടപടി പ്രഖ്യാപിച്ചിരുന്നോ; | (എ) | നടപടി സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി യും മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും സംയുക്തമായി പരിശോധന നടത്തുന്നുണ്ട്. |
| (ബി) | എങ്കിൽ ഈ ഭാഗത്ത് നടുറോഡിൽ വാഹനം നിർത്തി ആളെ കയറ്റൽ, ഉച്ചത്തിലുള്ള ഹോൺ പ്രവർത്തിപ്പിക്കൽ, മത്സര ഓട്ടം, സമയം തെറ്റിച്ചുള്ള ട്രിപ്പുകൾ, കിഴക്കേകോട്ടയിൽ ട്രിപ്പ് അവസാനിപ്പിക്കൽ തുടങ്ങിയവ-യുൾപ്പെടെയുള്ള ട്രാഫിക് ലംഘനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദവിവരവും നൽകാമോ; | (ബി) | ചോദ്യത്തിൽ സൂചിപ്പിച്ച ട്രാഫിക് ലംഘനം കണ്ടെത്തിയതിനെ തുടർന്ന് 8 സ്വകാര്യ ബസുകൾക്കെതിരെ പിഴ ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്നും ഇത്തരം ലംഘനങ്ങൾ പരിശോധിക്കുവാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അനുവദിക്കപ്പെട്ട റൂട്ടിൽ യാത്രക്കാർ കുറവാണെങ്കിൽ ട്രിപ്പ് മുടക്കി, അതിൽ കയറിയ യാത്രക്കാരെ ഇറക്കി വിടുന്ന എത്ര സ്വകാര്യ ബസുകൾക്കെതിരെ ഈ കാലയളവിൽ നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (സി) | ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ